**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1903**
**07.12.2015 ലെ മറുപടിക്ക്**

<u>നബാർഡ് ധനസഹായം ലഭ്യമാക്കാൻ നടപടി</u>

| ചോദ്യം.<br>ശ്രീ.ജി.സുധാകരൻ. | | ഉത്തരം.<br>ശ്രീ. ഉമ്മൻചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |
|---|---|---|
| (എ) | 2014 ആഗസ്റ്റ് 29 ന് ആലപ്പുഴ തീരദേശ ഹൈവേയിൽ വാടാപ്പൊഴി പാലത്തിന് അപ്രോച്ച് റോഡ് നിർമ്മിക്കുവാൻ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അമ്പലപ്പുഴ എം.എൽ.എ യുടെ നേതൃത്വത്തിൽ ആലപ്പുഴ ബിഷപ്പിന്റെ പ്രതിനിധികളും ആക്ഷൻ കൗൺസിൽ പ്രതിനിധികളും അടങ്ങിയ നിവേദകസംഘം ബഹു. ധന വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | 27.08.2014 – ൽ ലഭിച്ച നിവേദനം നബാർഡിന്റെ ധനസഹായം ലഭ്യമാക്കാനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 22.09.2014 – ൽ പൊതുമരാമത്ത് വകുപ്പിന് അനൗദ്യോഗിക കുറിപ്പ് അയയ്ക്കുകയുണ്ടായി. അതുപ്രകാരം 30.09.2014 – ൽ പൊതുമരാമത്ത് വകുപ്പ് 250 ലക്ഷം രൂപയുള്ള പദ്ധതിരേഖ ധനകാര്യവകുപ്പിന് സമർപ്പിക്കുകയുണ്ടായി. ധനകാര്യവകുപ്പ് 14.10.214 ൽ പ്രസ്തുത പദ്ധതിരേഖ നബാർഡിന്റെ സാമ്പത്തിക സഹായത്തിനായി അയയ്ക്കുകയുണ്ടായി.<br>എന്നാൽ 21.11.2014 – ൽ നബാർഡ്, പ്രസ്തുത പദ്ധതി നടത്തിപ്പിനായി ആവശ്യമായ സ്ഥലം ഇല്ലാത്തതടക്കം ചില അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ധനകാര്യവകുപ്പിന് കത്തയയ്ക്കുകയുണ്ടായി. തുടർന്ന് ധനകാര്യ വകുപ്പ് 02.12.2014 ൽ ഈ വിവരം പൊതുമരാമത്ത് വകുപ്പിനെ രേഖാമൂലം അറിയിക്കുകയുണ്ടായി. അതിനുശേഷം പൊതുമരാമത്ത് വകുപ്പ് 09.12.2014 ൽ ഈ വിവരം PWD ചീഫ് എൻജിനീയറെ അറിയിക്കുകയും ന്യൂനതകൾ ഇല്ലാത്ത പദ്ധതിരേഖ (DPR) നബാർഡിൽ നേരിട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും ചെയ്തു.<br>ആവശ്യമായ സ്ഥലം ലഭ്യമായാൽ നബാർഡിന്റെ സഹായത്തിനായി പദ്ധതിരേഖ വീണ്ടും സമർപ്പിക്കാവുന്നതാണ്.<br>നടപ്പ് സാമ്പത്തികവർഷം വിവധ പദ്ധതികൾക്കായി PWD യ്ക്ക് 100 കോടി രൂപ RIDF XXI -ൽ വകയിരുത്തിയിരുന്നു. എന്നാൽ 146 കോടി രൂപയുള്ള പദ്ധതികൾ ഇതിനോടകംതന്നെ നബാർഡിന് സമർപ്പിക്കുകയുണ്ടായി. ആയതിനാൽ അടുത്ത സാമ്പത്തിക വർഷം RIDF XXII (2016-17) പ്രസ്തുത പദ്ധതി നബാർഡിന്റെ ധനസഹായത്തിനായി സമർപ്പിക്കാവുന്നതാണ്. (ബന്ധപ്പെട്ട കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| (ബി) | അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാമെന്ന ബഹു. ധനകാര്യ മന്ത്രിയുടെ ഉറപ്പിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | |
| (സി) | അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഭരണാനുമതി ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ നബാർഡ് സഹായത്തോടെ റോഡ് നിർമ്മിക്കുവാൻ ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**